# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 01.09.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ഭീകരവാദത്തിനെതിരെയുള്ള ഇരട്ടത്താപ്പ് നയം അംഗീകരിക്കാനാവില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് ടിയാൻജിൻ പ്രഖ്യാപനം.

   **Prime Minister Narendra Modi today stated that double standards on terrorism is unacceptable. Tianjin Declaration condemns the Pahalgam terror attack.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം.

   **President Droupadi Murmu on 3-Day Visit to Karnataka, Tamil Nadu from Today.**

3. പ്രളയക്കെടുതി നേരിടുന്ന ജമ്മുവിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് വിലയിരുത്തും.

   **Union Home Minister Amit Shah to visit Jammu today to review rescue and relief operations and assess damage caused by floods.**

4. അഫ്ഗാനിസ്ഥാനിൽ ശക്തമായ ഭൂചലനം. 250 പേ ർ കൊല്ലപ്പെട്ടു. 500 ഓളം പേർക്ക് പരിക്ക്.

**Around 250 people were killed and 500 others injured in a earthquake at Afganisthan.**

5. കോഴിക്കോട് അമീബിക് മ സ്തിഷ്ക ജ്വരം ബാധി ച്ച് രണ്ടു പേർ മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.

**Health Department tightens vigilance after two deaths due to amoebic meningoencephalitis in Kozhikode**

6. ഏഷ്യാ കപ്പ് പുരുഷ ഹോ ക്കി ടൂർണമെ ൻറിൽ ഇന്ന് ഇന്ത്യ-കസാക്കിസ്ഥാൻ പോരാ ട്ടം.

**"India to face Kazakhstan today in the Men's Asia Cup Hockey Tournament.**

*****************************************

## REV DAY PM – SCO SUMMIT

ഭീകരവാദത്തിനെതിരെയുള്ള ഇരട്ടത്താപ്പ് നയം അംഗീകരിക്കാനാ വില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയുടെ പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരത മനുഷ്യരാശിക്കെതിരെ യുള്ള വലിയ വെല്ലുവിളിയാണെന്നും കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ഇന്ത്യ ഭീകരവാതത്തെ നേരിടുന്നുണ്ടെന്നും എല്ലാത്തരം ഭീകരതയെയും ലോകരാഷ്ട്രങ്ങൾ അപലപിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

പ്രധാനമന്ത്രി മോദി നരേന്ദ്രമോദി റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായും ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായും ഇന്ത്യയുടെ കാഴ്ചപ്പാടുകൾ കൈമാറി. പഹൽഗാം

ഭീകരാക്രമണത്തിൽ ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച രാജ്യങ്ങൾക്ക് അദ്ദേഹം നന്ദി അറിയിച്ചു.

*******************************************

## SCO DECLARATION

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ടിയാൻജിൻ പ്രഖ്യാപനം. ഭീകരവാദത്തെ ചെറുക്കുന്നതിന് പ്രതിബദ്ധരാണെന്നും ഭീകരവിരുദ്ധ ശ്രമങ്ങളിൽ ഇരട്ടത്താപ്പ് അംഗീകരിക്കാനാവില്ലെന്നും ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിക്ക് ശേഷം പുറത്തിറക്കിയ പ്രഖ്യാപനത്തിൽ അംഗരാജ്യങ്ങൾ വ്യക്തമാക്കി. 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്ന ഇന്ത്യയുടെ ആഗോള ദർശനത്തെ പിന്തുണച്ച ഉച്ചകോടി, പ്രാദേശിക സഹകരണത്തിൽ ഇന്ത്യയുടെ വളർന്നുവരുന്ന പങ്കിനെ അംഗീകരിക്കുകയും ചെയ്തു.

*******************************************

## PM MODI – PUTIN

പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള ഉഭയകക്ഷി ചർച്ചകൾ ചൈനയിലെ ടിയാൻജിനിൽ പുരോഗമിക്കുന്നു. റഷ്യൻ പ്രസിഡൻറുമായുള്ള കൂടിക്കാഴ്ച എന്നും പ്രത്യാശ നൽകുന്നതാണെന്ന് ചർച്ചയ്ക്ക് മുന്നോടിയായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയും ചൈനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം പുനഃസ്ഥാപിക്കുന്നത് ലക്ഷ്യമിട്ട് ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി ശ്രീ മോദി ഇന്നലെ വിപുലമായ ചർച്ചകൾ നടത്തിയിരുന്നു.

*******************************************

## PREZ – KARNATAKA

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം. മൈസൂരുവിലെ ഓൾ

ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ വജ്ര ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ ചെന്നൈയിൽ നടക്കുന്ന സിറ്റി യൂണിയൻ ബാങ്കിൻറെ 120-ാമത് സ്ഥാപക ദിനാഘോഷത്തിലും തുടർന്ന് തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

************************************

## AMIT SHAH – J&K VISIT

ജമ്മു കശ്മീരിൽ മേഘവിസ്ഫോടനങ്ങളും വെള്ളപ്പൊക്കവും മൂലമുണ്ടായ നാശനഷ്ടങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് വിലയിരുത്തും. വിക്രം ചൗത്തിലെയും താവിയിലെയും വെള്ളപ്പൊക്ക ദുരന്ത മേഖലകൾ അല്പം മുൻപ് അദ്ദേഹം സന്ദർശിച്ചു. ജമ്മു രാജ്ഭവനിൽ നടക്കുന്ന ഉന്നത തല യോഗത്തിൽ കേന്ദ്രമന്ത്രി സംബന്ധിക്കും. ദുരിതബാധിത പ്രദേശങ്ങളിലെ പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങളുടെ പുനഃസ്ഥാപനം എന്നിവ സംബന്ധിച്ച് ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ശ്രീ ഷാ ചർച്ച നടത്തും. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളായ കത്രയും, കിഷ്ത്വാറും കേന്ദ്ര ആഭ്യന്തര മന്ത്രി സന്ദർശിക്കും.

************************************

## MHA-IMCTS FLOOD

ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലെ മഴക്കെടുതികൾ വിലയിരുത്തുന്നതിനായി ആഭ്യന്തര മന്ത്രാലയം, അന്തർ-മന്ത്രിതല കേന്ദ്ര സംഘങ്ങൾ രൂപീകരിച്ചു. സംഘങ്ങൾ മേഖലയിലെ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി സംസ്ഥാനങ്ങളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. ആഭ്യന്തര മന്ത്രാലയത്തിൽ നിന്നോ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നോ ഉള്ള ഒരു മുതിർന്ന

ഉദ്യോഗസ്ഥൻ ഓരോ സംഘത്തെയും നയിക്കും. ദുരന്തബാധിത പ്രദേശങ്ങൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

*******************************

## AFGHANISTAN – EQ

അഫ്ഗാനിസ്ഥാനിൽ ശക്തമായ ഭൂചലനത്തിൽ 250 പേർ കൊല്ലപ്പെട്ടു. 500 ഓളം പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രിയാണ് അഫ്ഗാനിസ്ഥാനിലെ ദക്ഷിണ കിഴക്കൻ മേഖലയിൽ റിട്ച്ചർ സ്കെയിലിൽ ആറ് രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. ജലാലാബാദിൽ നിന്നും 27 കിലോമീറ്റർ വടക്കുകിഴക്കൻ മേഖലയിലാണ് ഭൂകമ്പത്തിൻറെ പ്രഭവ കേന്ദ്രം. നൂർഗുൽ, സോക്കി, വാട്ട്പൂർ, മനോഹി, ചപ്പാട് ജില്ലകളിലാണ് ഭൂചലനം കനത്ത പ്രഹരമേൽപ്പിച്ചത്. പാകിസ്ഥാനിലും ഡൽഹി ദേശീയ തലസ്ഥാന മേഖല ഉൾപ്പെടെ വടക്കൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടു. ഭൂചലനത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ആശങ്ക രേഖപ്പെടുത്തി. അഫ്ഗാൻ ജനതയ്ക്ക് വേണ്ട പിന്തുണ ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

*******************************

## AMOEBIC FEVER – PREVENTION

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച് കൃത്യമായ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിട്ടുള്ളതായി ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. PCR പരിശോധനയ്ക്കുള്ള സൗകര്യങ്ങളും ഇന്ന് സംസ്ഥാനത്തുണ്ടെന്ന് കോഴിക്കോട് നടന്ന ഒരു ഹെൽത്ത് കോൺക്ലേവിൽ മന്ത്രി പറഞ്ഞു.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

**************************************

## RIJIJU – INDIA GDP (INTRO)

നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലുണ്ടായ 7.8 ശതമാനം ജിഡിപി വളർച്ചാ നിരക്ക് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മികച്ച നിലയിലാണ് എന്നതിന് തെളിവാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ ഭഗവാൻ ബിർസ മുണ്ട പ്രതിമ അനാച്ഛാദനം ചെയ്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ സ്വയം പര്യാപ്തമാക്കുന്നതിന്, മെയ്ക്ക് ഇൻ ഇന്ത്യ പ്രോത്സാഹിപ്പിക്കുകയും തദ്ദേശ ഉൽപ്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യണമെന്ന് ശ്രീ റിജിജു പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

**************************************

## IMD – WEATHER

ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്നും ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇരു സംസ്ഥാനങ്ങളിലും ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കിഴക്കൻ രാജസ്ഥാൻ, ഹരിയാന, ഛണ്ഡീഗഢ്, ഡൽഹി, ജമ്മുകശ്മീർ, ലഡാക്ക, ഗിൽഗിത്, ബാൾട്ടിസ്ഥാൻ, മുസാഫറാബാദ്, ഒഡീഷ, പഞ്ചാബ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

*****************************

## J AND K – SCHOOL CLOSED

ജമ്മു കശ്മീരിൽ, തുടർച്ചയായ മഴയും പ്രതികൂല കാലാവസ്ഥയും കണക്കിലെടുത്ത് ജമ്മു ഡിവിഷനിലുടനീളമുള്ള എല്ലാ സർക്കാർ- സ്വകാര്യ സ്കൂളുകൾക്കും അവധി പ്രഖ്യാപിച്ചു. സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതായും കാലാവസ്ഥ വിലയിരുത്തിയ ശേഷം സ്കൂളുകൾ വീണ്ടും തുറക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുമെന്നും അധികൃതർ അറിയിച്ചു. ജമ്മു കശ്മീർ സ്കൂൾ വിദ്യാഭ്യാസ ബോർഡ് ഇന്ന് നടത്താനിരിക്കുന്ന 10, 11 ക്ലാസ് പരീക്ഷകൾ മാറ്റിവച്ചിട്ടുണ്ട്.

*****************************

## ASIA CUP HOCKEY

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെൻറിൽ ഇന്ന് ഇന്ത്യ കസാക്കിസ്ഥാനുമായി ഏറ്റുമുട്ടും. രാജ്ഗിർ ഇന്റർനാഷണൽ സ്പോർട്സ് സ്റ്റേഡിയത്തിൽ, രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ജപ്പാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു.

*****************************

## US OPEN TENNIS

യുഎസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ നൊവാക് ജോക്കോവിച്ച് ക്വാർട്ടർ ഫൈനലിൽ കടന്നു. സ്പെയിനിന്റെ കാർലോസ് അൽകാരസും വനിതാ സിംഗിൾസിൽ, ബെലറൂസ് താരം അരിന സബലെങ്കയും ക്വാർട്ടറിൽ ഇടംപിടിച്ചു.

*****************************

## SPECIAL TRAIN

പൂജ, ദീപാവലി, ഛഠാത്ത് ഉത്സവ വേളകളിലെ തിരക്ക് കണക്കിലെടുത്ത് തിരുവനന്തപുരം നോർത്ത് റയിൽവേ സ്റ്റേഷനിൽ നിന്ന് കൊൽക്കത്തയിലെ സാന്ദ്രഗച്ചി വരെ രണ്ട് പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി. സെപ്റ്റംബർ 5, 12, 19, 26, ഒക്ടോബർ 3, 10, 17 തീയതികളിൽ 4:20 ന് തിരുവനന്തപുരത്ത് നിന്ന് സർവീസ് ആരംഭിക്കും.

*******************************

## POSHANABHIYAAN

ദേശീയ പോഷകാഹാര വാരാചരണത്തിന് ഇന്ന് തുടക്കം. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതും ആരോഗ്യകരമായ ജീവിതശൈലിയുടെയും പോഷകാഹാരത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതും ലക്ഷ്യമിട്ടാണ് വാരാചരണം. എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ 7 വരെയാണ് വാരാചരണം. ശരിയായ പോഷകാഹാരം - ആരോഗ്യകരമായ ജീവിതം എന്നതാണ് ഈ വർഷത്തെ പ്രമേയം.

*******************************

## COMMERCIAL LPG PRICE REDUCED

രാജ്യത്ത് വാണിജ്യാവശ്യങ്ങൾക്കുള്ള പാചക വാതകത്തിന്റെ വില കുറച്ചു. സിലിണ്ടറിന് 51 രൂപ 50 പൈസയാണ് കുറച്ചത്. ഇതേത്തുടർന്ന് ഡൽഹിയിൽ 19 കിലോഗ്രാം വാണിജ്യ എൽപിജി സിലിണ്ടർ ഇനി 1,580 രൂപയ്ക്ക് ലഭ്യമാകും. ആഗോള ക്രൂഡ് ഓയിൽ വിലയും മറ്റ് വിപണി ഘടകങ്ങളും അടിസ്ഥാനമാക്കിയുള്ള പതിവ് പ്രതിമാസ പരിഷ്കരണങ്ങളുടെ ഭാഗമാണ് വില ക്രമീകരണം.

*******************************

## LEGISLATIVE ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ 12 ദിവസം സഭ

സമ്മേളിക്കും. ആദ്യ ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് സഭ പിരിയും. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിന്മേലുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും, ധന വിനിയോഗ ബില്ലുമാണ് സമ്മേളനത്തിലെ പ്രധാന അജണ്ടകൾ.

*****************************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 85 പോയിന്റ് ഉയർന്ന് 24,513 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 260 പോയിന്റ് നേട്ടത്തിൽ 80,060 ലും വ്യാപാരം തുടരുന്നു.

*****************************************************************************************************